കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്

55 [636] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്താണ്; ഏതെല്ലാം പോസ്റ്റുകളിലായി എത്ര ഉദ്യോഗസ്ഥരാണ് ഇതിലുള്ളത്; ഈ ഉദ്യോഗസ്ഥരുടെ സേവന-വേതന-നിയമന വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) ഏതൊക്കെ പ്രോജക്ടുകളാണ് ഇപ്പോൾ കെ.എസ്.ടി.പി.യെ ഏൽപ്പിച്ചിട്ടുള്ളത്; ഈ പ്രോജക്ടുകൾക്ക് ഓരോന്നിനും എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത്; ഈ തുക എവിടെനിന്നാണ് ലഭിക്കുന്നത്;

(സി) ഇപ്പോൾ ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് കരാർ നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പൊതുമരാമത്ത് വകുപ്പിൽ ഒരു കിലോമീറ്റർ റോഡിന് എത്ര രൂപയാണ് നിർമ്മാണച്ചെലവായി കണക്കാക്കിയിട്ടുള്ളത്; കെ.എസ്.ടി.പി. യിൽ ഒരു കിലോമീറ്റർ റോഡിന് എത്ര രൂപയാണ് നിരക്ക്; ഇത്രയും രൂപയുടെ വ്യത്യാസമുണ്ടാകുന്നത് എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ;

(ഇ) സാധാരണ പി.ഡബ്ല്യു.ഡി. ബില്ലുകൾ തയ്യാറാക്കുന്ന രീതി എങ്ങനെയാണ്; ഏത് ഉദ്യോഗസ്ഥൻ മുതലാണ് ചെക്ക് നൽകുവാൻ അധികാരമുള്ളത്; ഇതിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ഉദ്യോഗസ്ഥനും നൽകാവുന്ന പരമാവധി തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(എഫ്) കെ.എസ്.ടി.പി. യിൽ എങ്ങനെയാണ് ബില്ലുകൾ പാസ്സാക്കി നൽകുന്നത്; ഇതിന്റെ നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

(ജി) കരാറുകാർ സമർപ്പിക്കുന്ന ബില്ലുകൾ എത്ര ദിവസത്തിനകം പാസ്സാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് എത്ര ദിവസമാണ്; ഈ ദിവസങ്ങൾക്കുള്ളിൽ പാസ്സാക്കിയില്ലെങ്കിൽ എന്താണ് സംഭവിക്കുക; ഈ ബില്ലുകൾ പാസ്സാക്കി ചെക്കു നൽകുന്നത് ആരാണ്;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) നിശ്ചിത സമയത്തിനകം പ്രവൃത്തിക്ക് പശ്ചാത്തല സൗകര്യം ഒരുക്കാത്തതിന്റെ പേരിൽ കരാറുകാർക്ക് നഷ്ടപരിഹാരം നൽകുന്നതിന് കരാറിൽ വ്യവസ്ഥയുണ്ടോ; ഈ വ്യവസ്ഥ അനുസരിച്ച് നഷ്ടപരിഹാരം ആവശ്യപ്പെട്ട് കമ്പനികൾ കേസ് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് ആവശ്യപ്പെട്ടിരുന്നത്; ഇത് നൽകിയിട്ടുണ്ടോ;

(ഐ) സംസ്ഥാനത്തിന് വൻ ബാദ്ധ്യതയാകുന്ന പദ്ധതിക്ക് നിയന്ത്രണവും, ശരിയായ പരിശോധനയിലൂടെ മാത്രം ബില്ലുകൾ പാസ്സാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനായി നിർദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 980 കി. മീ. റോഡുകളുടെ ഹെവിമെയിന്റനൻസും, 578.9 കി. മീ. റോഡുകളുടെ അപ്ഗ്രഡേഷനും, 93 കി. മീ. കനാലുകളുടെ വികസനവും സംസ്ഥാന പൊതുമരാമത്ത് നവീകരണവും ആണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാന പൊതുമരാമത്ത് വകുപ്പിലേയും ധനകാര്യ വകുപ്പിലേയും ഉദ്യോഗസ്ഥരാണ് ഇതിലുള്ളത്. വിവരം താഴെ ചേർക്കുന്നു:

പ്രോജക്ട് ഡയറക്ടർ	–	1
ചീഫ് എഞ്ചിനീയർ	–	1
സൂപ്രണ്ടിംഗ് എഞ്ചിനീയർ	–	3
എക്സിക്യൂട്ടീവ് എഞ്ചിനീയർ	–	8
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	–	19
ഫിനാൻസ് കൺട്രോളർ	–	1
ഡിവിഷണൽ അക്കൗണ്ടന്റ്	–	6
ക്ലാർക്ക്	–	14
പ്യൂൺ	–	13

ഇവരുടെ സേവന-വേതന-നിയമന വ്യവസ്ഥകൾ സർക്കാർ ജീവനക്കാരുടേതു തന്നെയാണ്.

(ബി) ലോക ബാങ്ക് സഹായത്തോടെ റോഡു വികസനത്തിന് 43 ഹെവിമെയിന്റനൻസ് പദ്ധതികളും അപ്ഗ്രഡേഷൻ പദ്ധതികളും ഒരു ഐ.ഡബ്ല്യു.റ്റി. പദ്ധതിയും

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെ 50 പദ്ധതികളാണ് കെ.എസ്.ടി.പി. ഏറ്റെടുത്തിട്ടുള്ളത്. കെ.എസ്.ടി.പി. പദ്ധതിക്ക് വേണ്ടി 1630 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 1236 കോടി രൂപ ലോകബാങ്കിൽ നിന്നുള്ള വായ്പയും ബാക്കി 394 കോടി രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതവുമാണ്. ഓരോ ഇനത്തിലും വകയിരുത്തിയിട്ടുള്ള തുക താഴെ ചേർക്കുന്നു:

Sl. No.	*Components*	*Amount in Rupees (Crores)*
1.	Upgradation component	967.97
2.	Maintenance Component	268.64
3.	Consultancy Services	96.41
4.	Land Acquisition and Utility Shifting	95.98
5.	Resettlement and Rehabilitation	99.76
6.	Road Safety Component	15.52
7.	Performance based maintenance works	4.85
8.	Institutional development study	40.64
9.	Incremental operating cost	30.46
10.	Front end fee	12.37
	Total	**1632.60**

(സി) അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഡി) പൊതുമരാമത്ത് വകുപ്പിൽ ഒരു കി. മീറ്ററിനുള്ള നിർമ്മാണച്ചെലവ് ദേശീയപാതാ വിഭാഗത്തിൽ 2 കോടി രൂപയും സ്റ്റേറ്റ് ഹൈവേ നന്നാക്കി (ഉപരിതലം മാത്രം) പുനർനിർമ്മിക്കുന്നതിന് ഏകദേശം 8.50 ലക്ഷം രൂപയും സ്റ്റേറ്റിൽ BM+AC ആണെങ്കിൽ കിലോമീറ്ററിന് 20 ലക്ഷം രൂപയും വരും. എം.ഡി.ആർ. ആണെങ്കിൽ ഏകദേശം 6 ലക്ഷം രൂപയും ചെലവു വരും. കെ.എസ്.ടി.പി. യിൽ റൊവി മെയിന്റനൻസിന് ഒരു കിലോമീറ്ററിന് ശരാശരി 35 ലക്ഷം രൂപയും അപ്ഗ്രഡേഷൻ ജോലികൾക്ക് ഒരു കിലോമീറ്ററിന് ശരാശരി 1.75 കോടി രൂപയും ചെലവ് കണക്കാക്കുന്നു.

---

†അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ഹെവി മെയിന്റനൻസിൽ നിലവിലുള്ള റോഡിന്റെ ആവശ്യമായ സ്ഥലങ്ങളിൽ അടിത്തറ ബലപ്പെടുത്തൽ, പ്രൊഫൈൽ കറക്ഷൻ, ഉപരിതലം ബലപ്പെടുത്തൽ, വെയറിംഗ് കോഴ്സ് ഉൾപ്പെടെ 3 തട്ടുകളായി ബിറ്റുമിൻ വർക്കുകൾ ഓടകൾ, കലുങ്കുകൾ, റോഡുമാർക്കിംഗ് തുടങ്ങിയവ ചെയ്യുന്നു. ബിറ്റുമിൻ വർക്കുകളുടെ കനം പൊതുമരാമത്ത് വകുപ്പ് ചെയ്യുന്ന പണികളുടെ ഏകദേശം മൂന്ന് ഇരട്ടിയോളം വരുന്നു.

അപ്ഗ്രഡേഷനിൽ റോഡ് ഏകദേശം 70 സെ. മീ. മുതൽ 1 മീ. കനത്തിൽ പുതുക്കി നിർമ്മിക്കുന്നു. രണ്ടു വശങ്ങളിലും ഓടകൾ, കലുങ്കുകൾ, പാലങ്ങൾ, ജംഗ്ഷൻ വികസനം, തെരുവു വിളക്കുകൾ, കവലകളിൽ നടപ്പാത, റോഡ് സുരക്ഷാ സംവിധാനം എന്നീ പണികൾ ചെയ്തു വരുന്നു. പുതുക്കിപ്പണിയുന്ന റോഡുകൾക്ക് 10–12 മീറ്റർ വരെ ടാർ പ്രതലം ഉണ്ടായിരിക്കും.

പൊതുമരാമത്ത് വകുപ്പിൽ ഇപ്രകാരമുള്ള ജോലികളല്ല ഏർപ്പാടാക്കുന്നത്. കെ.എസ്.ടി.പി. യിൽ മേൽ വിവരിച്ച രീതിയിലുള്ള ജോലികൾ ഏർപ്പാടാക്കിയിട്ടുള്ളതുകൊണ്ടാണ് വർദ്ധിച്ച നിരക്കുകൾ വന്നിട്ടുള്ളത്.

(ഇ) നിശ്ചിത വർക്കിന്റെ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനുവേണ്ടി അയച്ചുകൊടുക്കുന്നു. അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കിട്ടിയശേഷം അധികാര പരിധിക്ക് അനുസരിച്ച് അതാത് ഓഫീസിൽ ടെക്നിക്കൽ സാംഗ്ഷൻ കൊടുത്തശേഷം ടെന്റർ ചെയ്യുന്ന ലോവർ ടെന്ററർക്ക് വർക്ക് അവാർഡ് ചെയ്തു കൊടുക്കുന്നു. കരാറുകാരൻ എഗ്രിമെന്റ് വച്ചശേഷം അതാത് അസിസ്റ്റന്റ് എഞ്ചിനീയർമാർ ആ വർക്ക്, ഷെഡ്യൂൾ പ്രകാരം ചെയ്യിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ ബിൽ തയ്യാറാക്കി Measurement Book-ൽ റെക്കോഡ് ചെയ്യുന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് ചെയ്യുന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ബില്ലുകൾക്ക് ചെക്ക് നൽകുവാൻ പരിധി നിശ്ചയിച്ചിട്ടുണ്ട്. മൂന്ന് ലക്ഷം രൂപ വരെ ടെണ്ടർ ചെയ്യുന്ന പണികൾക്കുള്ള ബിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പാസ്സാക്കി ചെക്ക് കൊടുക്കുന്നു. അതിനുമുകളിലുള്ള എല്ലാ തുകയ്ക്കുമുള്ള ബില്ലിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് കൊടുക്കുന്നു.

(എഫ്) കെ.എസ്.ടി.പി.-ക്ക് ബില്ലുകൾ പാസ്സാക്കുന്നതിന് കമ്പ്യൂട്ടറൈസ്ഡ് പ്രോജക്ട്സ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റംസ് ഉണ്ട്. ആയതിനാൽ എഞ്ചിനീയർ

LIBRARY ARCHIVES Kerala Legislative Assembly

സർട്ടിഫൈ ചെയ്ത കോൺട്രാക്ടറുടെ ബില്ലുകൾ പരിശോധനയ്ക്ക് വിധേയ മാക്കിയാണ് പേയ്മെന്റ് നൽകുന്നത്.

(ജി) ഉണ്ട്. കരാറുകാർ കോൺട്രാക്ട് ബില്ലുകൾ എഞ്ചിനീയർക്ക് സമർ പ്പിക്കുന്ന ദിവസം മുതൽ 42 ദിവസത്തിനകം കരാർ തുക നൽകേണ്ടതാണ്. ഇതിനു സാധിക്കാഞ്ഞാൽ കരാർ വ്യവസ്ഥ അനുസരിച്ച് കെ.എസ്.ടി.പി. പലിശ നൽകേ ണ്ടതുണ്ട്. പാസ്സാക്കുന്ന ബില്ലുകൾ പ്രോജക്ട് ഡയറക്ടറും ഫിനാൻസ് കൺട്രോളറും കൂടി ഒപ്പിട്ട ഒരു ദേശസാത്കൃത ബാങ്കിന്റെ ചെക്കായിട്ടാണ് നൽകുന്നത്.

(എച്ച്) ഉണ്ട്. ഒന്നാംഘട്ട പദ്ധതിയിൽ പാക്കേജ് 3-ൽപ്പെട്ട ഓറിയന്റൽ സ്ട്രക്ചറൽ എഞ്ചിനീയേഴ്സ് പ്രൈ. ലി. എന്ന കരാറുകാരൻ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. 30.88 കോടി രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. കേസ് ആർബിട്രേഷന്റെ കോടതിയുടെ പരിഗണനയിലാണ്. നഷ്ടപരിഹാരതുക സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

(ഐ) കരാറുകാരുടെ ബില്ലുകൾ ശരിയായി പരിശോധിക്കുന്നതിന് ഒരു കമ്പ്യൂട്ടറൈസ്ഡ് പ്രോജക്ട്സ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റംസ് ഉണ്ട്. പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതിനും കരാറുകാരുടെ ബില്ലുകൾ സമയബന്ധിതമായി പാസ്സാക്കി നൽകുന്നതിനും ആവശ്യമായ സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

കെ.എസ്.ടി.പി. പ്രകാരം റോഡുകളുടെ നവീകരണം

56 [637] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. പ്രകാരം സംസ്ഥാനത്തെ റോഡുകളുടെ നവീകരണ ത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും എത്ര കിലോമീറ്റർ റോഡ് നിർമ്മാണം പൂർത്തീകരിച്ചുവെന്നും, അവ ഏതെല്ലാം റോഡുകളാണെന്നും ഓരോ റോഡിനും ചെലവഴിച്ച തുക എത്രയാണെന്നും അറിയിക്കാമോ;

(ബി) കെ.എസ്.ടി.പി. യിൽ റിട്ടയർ ചെയ്ത എത്ര എഞ്ചിനീയർമാരുടെയും, റവന്യൂ ഉദ്യോഗസ്ഥന്മാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നുണ്ടെന്നും, അവർക്ക് എന്ത് തുക പ്രതിഫലമായി നൽകുന്നുവെന്നും അറിയിക്കാമോ;

(സി) സർക്കാർ സർവ്വീസിൽ മേൽ ഭാഗം ജീവനക്കാർ ആവശ്യത്തിന് ഉണ്ടെന്നിരിക്കെ റിട്ടയർ ചെയ്തവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന്റെ കാരണം വിശദീകരിക്കാമോ?

GPM. 2/574/2012—14

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം -V

[11-7-2005 –ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 55 (636) ദയവായി കാണുക]

RMC–Year One Maintenance

Sl. No.	*Name of Road*	*Length (km)*
1	Thiruvananthapuram–Thaikod	19.30
2	Peroorkada–Nedumangad	12.00
3	Thodupuzha–Kalur–Oonnukal	20.00
4	Alwaye–Kothamangalam	17.00
5	Thrissur–Kodungalloor	33.90
6	Potta–Moonupeedika	20.90
7	Cherup–Triprayar	14.20
8	Kozhikkode–Mavoor	10.50
9	Sultan's Bathery–Pulpally	35.00
10	Thaliparamba–Iritty	46.00
11	Narukara–State Border	40.00
12	Quilandy–Thamarassery.	29.30
13	Cherkala–Jelsoor	41.00
	Total Road Length	**339.10**

RMC–Year Two Maintenance

Sl. No.	*Name of Road*	*Length (km)*
14	Vizhinjam–Kattakada	10.8
15	Varkala–Kallambalam	12
16	Kollam–Ayoor	31
17	Kulathupuzha–Anchal-Punalur	30
18	Ettumanur–Erattupettah	15.8

GPM. 2/574/2012—34

LIBRARY ARCHIVES Kerala Legislative Assembly

Sl. No.	Name of Road	Length (km)
19	Kayamkulam–Adoor	25.4
20	Changanassery–Vazhoor	24.5
21	Ponjassery–Chithrapuzha	20
22	Vypin–Pallippuram	25.5
23	Vandanmmedu–Kumbenmedu	11
24	Paramada–Moolamattom–Thodupuzha	39
25	Nilambur–Perumbilavu	57.4
26	Kuttiyadi–Kelloor	23.1
	Total	**335.5**

RMC–Year Three Maintenance

Sl. No.	Name of Road	Length (km)
27	Thiruvananthapuram–Ponmudi (Ponmudi–Kallar–Vithura-Anad)	40
28	Kayamkulam–Mavelikkara	11.6
29	Mavelikkara–Thiruvalla	19.6
30	Kozhenchery–Chenganoor	14
31	Chenganoor–Mavelikkara	16
32	Kidangara–Neerettupuram	7.9
33	Pala–Eerattupettah	11.8
34	Kumily–Poopara (PART 1)	35.4
35	Kumily–Poopara (PART 11)	43.2
36	Vattavada–Top Station-Munnar	43.5
37	Balussery–Perumpayil	10.2
38	Perumpayil–Kozhikkode	10.8
39	Kunnamangalam–Agasthiamoozhi	13.4
40	Vythiri–Parathodu	12
41	Parathodu–Tharuvanna	18.6
42	Nedumpoil–Karikkode	10
43	Karikkode–Iritty	10.8
	Total	**306.9**

LIBRARY ARCHIVES Kerala Legislative Assembly

UPGRADATION (WIDENING AND STRENGTHENING)

Phase I

Sl. No.	*Name of Road*	*Length (km)*
Package 1		
1	Thaikod–Kottarakkara	46.01
2	Kottarakkara–Chenganoor	44.40
3	Thaikod–NH47	12.60
4	Alappuzha–Changanaserry	24.10
	Total	**127.11**
Package 3		
5	Muvattupuzha–Thodupuzha	17.80
6	Muvattupuzha–Angamali	31.40
	Total	**49.20**
Package 4		
7	Palakkad–Shornur	45.30
8	Thrissur–Kuttipuram	33.10
	Total	**78.40**
	Phase 1 Total	**254.71**

IWT

Package	*Name of Waterway*	*Length (km)*
IWT-01	Kottayam–Vaikkom, Alappuzha– Kottayam & Alappuzha–Changanaserry	93.00

GPM. 2/574/2012—35

LIBRARY ARCHIVES Kerala Legislative Assembly